# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :26.12.2023

## പത്രക്കുറിപ്പ്

### പൊതു തെളിവെടുപ്പ് 2024 ജനുവരി 04ലേക്ക് മാറ്റിവച്ചു

കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2022 ഏപ്രിൽ 01 മുതൽ 5 വർഷത്തേക്കുള്ള മൂലധന നിക്ഷേപ പദ്ധതി അംഗീകരിക്കുന്നതിനായുള്ള പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനും (OP No. 65/2023) അഡീഷണൽ സബ്മിഷനും കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. പ്രസ്തുത പെറ്റീഷനിൽ ജനറേഷൻ ബിസിനസ്സ് യൂണിറ്റുമായി ബന്ധപ്പെട്ട പൊതുതെളിവെടുപ്പ് ഡിസംബർ 27-ാം തീയതി ബുധനാഴ്ച കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ രാവിലെ 11:00 മണിക്ക് നടത്തുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ തെളിവെടുപ്പ് 2024 ജനുവരി 4-ാം തീയതിയിലേക്ക് മാറ്റിവച്ചു. പ്രസ്തുത തെളിവെടുപ്പ് **2024 ജനുവരി 4-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 02:30 മണിക്ക് കമ്മീഷന്റെ തിരുവനന്തപുരത്ത് വെള്ളയമ്പലത്തുള്ള കോർട്ട് ഹാളിൽ നടത്തുന്നു.** പൊതുതെളിവെടുപ്പിൽ നേരിട്ട് പങ്കെടുക്കാൻ സാധിക്കാത്തവർക്ക് വീഡിയോ കോൺഫറൻസ് മുഖാന്തിരവും പങ്കെടുക്കാം. വീഡിയോ കോൺഫറൻസ് മുഖാന്തിരം പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ ജനുവരി 3-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദവിവരങ്ങളും ഫോൺ നമ്പർ, ഇ-മെയിൽ ഐഡി സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിലിൽ അറിയിയ്ക്കണം. തപാൽ മുഖേനയും ഇ-മെയിൽവഴിയും (kserc@erckerala.org) പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താം. ലഭിക്കുന്ന അഭിപ്രായങ്ങൾ ജനുവരി 04-ാം തീയതി വ്യാഴാഴ്ച, 05:00 PM വരെ സ്വീകരിക്കും. തപാൽ മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള

സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻ പിള്ളറോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് സെക്രട്ടറി അറിയിച്ചു.

സെക്രട്ടറി